(സി) കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ കാർഷിക പ്രവർത്തനം ലക്ഷ്യംവച്ചു കൊണ്ട് ഇത്തരം സംഘങ്ങൾ ആരംഭിക്കുമ്പോൾ അതു കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടെ സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ 955 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ അഗ്രിക്കൾച്ചർ ഫാർമേഴ്സ് ഇംപ്രൂവ്മെന്റ് സൊസൈറ്റി, അഗ്രിക്കൾച്ചറൽ വർക്കേഴ്സ് വെൽഫെയർ സൊസൈറ്റി എന്നിങ്ങനെ 53 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ അനുബന്ധമായി ചേർത്തിട്ടുണ്ട്.* അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം കാർഷിക ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുകയും കാർഷിക വായ്പ അനുവദിക്കുകയുമാണ്.

അഗ്രിക്കൾച്ചറൽ വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘത്തിന്റെ പ്രധാന ലക്ഷ്യം കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നതാണ്. നിയമസഭാ ചോദ്യത്തിന്റെ മറുപടിയായി 53 സംഘങ്ങളുടെയും നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അന്നൂർ സായാഹ്ന ശാഖ നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറ്റാൻ അനുമതി

95 (7931) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ [നമ്പർ. എഫ് 1401] അന്നൂർ സായാഹ്ന ശാഖ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) 1-8-2012-ന് കണ്ണൂർ സഹകരണ ജോയിന്റ് രജിസ്ട്രാർ മുഖേന നൽകിയ അപേക്ഷയിൽ രണ്ട് വർഷമാകാറായിട്ടും അനുമതി നൽകി ഉത്തരവുണ്ടാകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശാഖ നിലവിലുള്ള കെട്ടിടത്തിൽ നിന്ന് മാറ്റാനുള്ള അനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അപേക്ഷ കണ്ണൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് ലഭിച്ചിട്ടുണ്ട്.

(ബി&സി) 26-11-2010-ലെ ഉത്തരവ് പ്രകാരം സായാഹ്ന ശാഖ അനുവദിക്കുന്നതിന് അനുവാദം നൽകിയിരുന്നുവെങ്കിലും അസിസ്റ്റന്റ് രജിസ്ട്രാരുടെ പരിശോധനയിൽ ജോയിന്റ് രജിസ്ട്രാർ അനുമതി നൽകിയ കെട്ടിടത്തിൽ സായാഹ്ന ശാഖ മാറ്റാതെ സാധാരണ ശാഖ പ്രവർത്തിക്കുന്ന സ്ഥലത്ത് തന്നെ സായാഹ്ന ശാഖയും പ്രവർത്തിക്കുന്നതായി കണ്ടെത്തുകയും തുടർന്ന് അസിസ്റ്റന്റ് രജിസ്ട്രാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സായാഹ്ന ശാഖ ഇപ്പോൾ ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ കേരള സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിൽ ബാങ്കിന്റെ പൊതു ഫണ്ട് 3,48,045 രൂപ ശാഖ മാറ്റുന്നതിനായി മറ്റൊരു കെട്ടിടത്തിൽ ചെലവഴിച്ചതായി കണ്ടെത്തുകയും ഈ കെട്ടിടത്തിലേക്ക് സായാഹ്ന ശാഖ മാറ്റുന്നതിന് ബാങ്ക് ഭരണ സമിതി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ടി അന്വേഷണ റിപ്പോർട്ടിന്മേൽ ജോയിന്റ് രജിസ്ട്രാർ ബാങ്കിനോട് ആവശ്യപ്പെട്ട വിശദീകരണം ഇനിയും സമർപ്പിക്കാത്തതിനാലുമാണ് ബാങ്കിന്റെ അപേക്ഷയ്ക്ക് ജോയിന്റ് രജിസ്ട്രാർ (ജനറൽ) അനുമതി നൽകി ഉത്തരവാകാത്തത്.

(ഡി) ജോയിന്റ് രജിസ്ട്രാർക്ക് ബാങ്ക് വിശദീകരണം നൽകുന്ന മുറയ്ക്ക് ബാങ്കിന്റെ അപേക്ഷ പരിശോധിച്ച് ജോയിന്റ് രജിസ്ട്രാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

പ്രയാർ കമ്മീഷൻ റിപ്പോർട്ട്

96 (7932) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഗോൾഡ് അപ്രൈസർമാർക്ക് മാസ ശമ്പളം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ബാങ്ക് ഈടാക്കുന്ന അപ്രൈസർ ചാർജിന്റെ എത്ര ശതമാനമാണ് ഇവർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly